ഉത്തരം

(എ&ബി) തൊഴിൽശാലയിൽ വച്ചുണ്ടാകുന്ന അപകടങ്ങളിൽ പരിക്കുപറ്റി സ്ഥായിയായ രീതിയിൽ അംഗഭംഗം വന്ന് പെൻഷനാകുന്ന തൊഴിലാളികൾക്ക് ഇ.എസ്.ഐ. ആശുപത്രികളിൽ നിന്നും മരുന്നും ചികിത്സാ സൗകര്യവും ഇപ്പോൾ തന്നെ ലഭ്യമാക്കുന്നുണ്ട്.

തുറന്ന് പ്രവർത്തനം ആരംഭിച്ച തോട്ടങ്ങൾ

70 (1033) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ പൂട്ടിക്കിടന്ന എത്ര തോട്ടങ്ങളാണ് ഉണ്ടായിരുന്നത് ; ഏതൊക്കെ ;

(ബി) ഇതിൽ എത്ര തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുവാൻ കഴിഞ്ഞു ;

(സി) ഈ തോട്ടങ്ങൾ തുറന്നു പ്രവർത്തിച്ചതിലൂടെ എത്രപേരുടെ ജോലിയാണ് തിരികെ ലഭ്യമായതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇനിയും പൂട്ടിക്കിടക്കുന്ന തോട്ടങ്ങൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ എന്തൊക്കെ നടപടികളാണ് സർക്കാർ കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ 22 തോട്ടങ്ങൾ അടഞ്ഞു കിടന്നിരുന്നു. വിശദാംശം ചുവടെ ചേർക്കുന്നു:

1.	കോഴിക്കാനം എസ്റ്റേറ്റ്	പീരുമേട് താലൂക്ക്, ഇടുക്കി ജില്ല
2.	ഗ്രാംപി എസ്റ്റേറ്റ്	
3.	പശുമല എസ്റ്റേറ്റ്	
4.	തങ്കമല എസ്റ്റേറ്റ്	
5.	മൗണ്ട് എസ്റ്റേറ്റ്	
6.	മഞ്ജുമല എസ്റ്റേറ്റ്	
7.	തേങ്ങാക്കൽ എസ്റ്റേറ്റ്	
8.	പാമ്പനാർ എസ്റ്റേറ്റ്	
9.	നെല്ലിക്കായ് എസ്റ്റേറ്റ്	
10.	പീരുമേട് ടീ കമ്പനി	
11.	ലോൺട്രി എസ്റ്റേറ്റ്	
12.	ബൊണാമി എസ്റ്റേറ്റ്	
13.	കോട്ടമല എസ്റ്റേറ്റ്	
14.	വാഗമൺ എസ്റ്റേറ്റ്	

LIBRARY ARCHIVES Kerala Legislative Assembly

15. മേത്താനത്ത് എസ്റ്റേറ്റ്, തൊടുപുഴ, ഇടുക്കി ജില്ല
16. ബോണക്കാട് എസ്റ്റേറ്റ്, നെടുമങ്ങാട്, തിരുവനന്തപുരം ജില്ല
17. പ്രിയ എസ്റ്റേറ്റ്, പുനലൂർ, കൊല്ലം ജില്ല
18. റോസറി എസ്റ്റേറ്റ്
19. വാഴക്കുണ്ട് എസ്റ്റേറ്റ്
20. കരിമല എസ്റ്റേറ്റ് > നെല്ലിയാമ്പതി, പാലക്കാട് ജില്ല
21. ബിയാട്രീസ് എസ്റ്റേറ്റ്
22. കാളിയാറ എസ്റ്റേറ്റ്

(ബി) 17 തോട്ടങ്ങൾ തുറന്നു പ്രവർത്തനം ആരംഭിച്ചു.

(സി) ഏകദേശം പതിനായിരത്തോളം തൊഴിലാളികൾക്ക് തൊഴിൽ തിരികെ ലഭിച്ചു.

(ഡി) പൂട്ടിക്കിടക്കുന്നതും ഉടമകൾ ഉപേക്ഷിച്ചുപോയതുമായ തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കുന്നതിന് പ്ലാന്റേഷൻ സ്റ്റഡി കമ്മിറ്റി ശിപാർശ ചെയ്യുകയും ആയത് സർക്കാർ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. RBT വക തോട്ടങ്ങൾ തുറക്കുന്നതു സംബന്ധിച്ച് ചർച്ച നടന്നു വരുന്നു.

റിട്ടേൺസ് നൽകിയിട്ടുള്ള തൊഴിലാളി സംഘടനകൾ

71 (1034) ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചുമട്ടുതൊഴിൽ രംഗത്ത് തിരുവനന്തപുരം ജില്ലയിൽനിന്ന് ലേബർ കമ്മീഷണർക്ക് 2008-ലും 2009-ലും റിട്ടേൺസ് നൽകിയിട്ടുള്ള തൊഴിലാളി സംഘടനകളുടെ പേരും വിലാസവും അംഗസംഖ്യയും വ്യക്തമാക്കുമോ ;

(ബി) ജില്ലയിൽ ക്ഷേമപദ്ധതികൾ നടപ്പാക്കിയിട്ടുള്ളത് ഏതെല്ലാം പ്രദേശങ്ങളിലാണെന്നും പ്രസ്തുത പ്രദേശത്ത് ആകെ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നു എന്നും വ്യക്തമാക്കുമോ ;

(സി) ജില്ലയിൽ വിവിധ എ.എൽ.ഒ. ഓഫീസുകളിൽ 26 എ കാർഡിന് എത്ര തൊഴിലാളികൾ അപേക്ഷ നൽകിയിട്ടുണ്ടെന്നും എത്രപേർക്ക് കാർഡ് നൽകാനുണ്ടെന്നും അപേക്ഷ നൽകിയ തീയതി ഏതെന്നും കാർഡ് നൽകാത്ത കേന്ദ്രങ്ങൾ ഏതൊക്കെയാണെന്നും അറിയിക്കുമോ ;

(ഡി) ജില്ലയിൽ കഴിഞ്ഞ അഞ്ചു വർഷത്തിനുള്ളിൽ മരണപ്പെട്ട തൊഴിലാളികൾ എത്ര ; ആത്മഹത്യ ചെയ്ത തൊഴിലാളികൾ എത്ര ; വിശദമാക്കുമോ ;

(ഇ) ജില്ലയിൽ പദ്ധതി പ്രദേശത്ത് തൊഴിൽ ചെയ്യുന്നതിൽ പ്രതിമാസം ഏറ്റവും കൂടുതൽ കൂലി ലഭിക്കുന്നത് ഏത് കേന്ദ്രത്തിലെ തൊഴിലാളികൾക്കാണ് ; എത്ര തുക വീതം എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly